# Siraj
# 30 July 2018
# Thiruvananthapuram ; Precaution For Shutter Open

## സേനകൾക്കും ജാഗ്രതാ നിർദേശം

തിരുവനന്തപുരം: ഇടുക്കി അണക്കെട്ട് തുറക്കേണ്ട സാഹചര്യം ഉണ്ടായാൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് സജ്ജമായിരിക്കാൻ കര- നാവിക-വ്യോമ സേനകൾക്കും തീരദേശ സേനക്കും നിർദേശം. ദുരന്തനിവാരണ സേനയുടെ ഒരു സംഘത്തെ ഇടുക്കിയിൽ നിയോഗിച്ചു. എറണാകുളത്തും തൃശൂരിലും ഓരോ സംഘത്തെ നിലയുറപ്പിച്ചു. വായു സേനയുടെ രണ്ട് ഹെലികോപ്ടറുകൾ സജ്ജമാക്കിയിട്ടുണ്ട്. നാവികസേനയും കരസേനയുടെയും നാല് കമ്പനി സൈന്യത്തെയും വിന്യസിക്കാൻ തയ്യാറായി നിൽക്കുന്നു. എറണാകുളത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയാൽ വിന്യസിക്കാൻ സജ്ജമായ ചെറു ബോട്ടുകളുമായി കോസ്റ്റ് ഗാർഡുണ്ട്.